**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 49** **28-06-2022 - ൽ മറുപടിയ്ക്ക്**

**ആധുനിക വ്യവസായ വികസന പ്രോത്സാഹന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.എം.സച്ചിൻദേവ്,<br>ശ്രീ കെ ആൻസലൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ,<br>ശ്രീ. എൻ.കെ. അക്ബർ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് മികച്ച ആധുനിക തൊഴിലവസരങ്ങൾ സൃഷ്ടിച്ചുകൊണ്ട് നവകേരള നിർമ്മിതി സാധ്യമാക്കുകയെന്ന ലക്ഷ്യത്തോടെയുള്ള ആധുനിക വ്യവസായ വികസന പ്രോത്സാഹന പ്രവർത്തനങ്ങൾ വിശദമാക്കുമോ; | (എ) | കേരളത്തിന്റെ സാമ്പത്തിക വളർച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ<br><br>വികസനവുമായി ബന്ധപ്പെട്ടതാണ്. സംസ്ഥാനത്ത് ഉണ്ടാകുന്ന വ്യാവസായിക നിക്ഷേപത്തിന്റെ ഭൂരിഭാഗവും സൂക്ഷ്മ ചെറുകിട-ഇടത്തരം സംരംഭ മേഖലയിലാണ്. കൂടുതൽ ചെറുപ്പക്കാർക്ക് സംരംഭം ആരംഭിക്കാൻ അവസരം ഉള്ളതും തൊഴിൽ സാധ്യതയുള്ളതും സൂക്ഷ്മ-ചെറുകിട - ഇടത്തരം സംരംഭ മേഖലയിൽ ആണ്. കൂടുതൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ സൃഷ്ടിക്കുന്നതിനും നിക്ഷേപം ആകർഷിക്കുന്നതിനും വിവിധ പരിപാടികൾ സർക്കാർ ആവിഷ്കരിച്ച് വരുന്നു. 2022-23 സാമ്പത്തിക വർഷം സംരംഭക വർഷമായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പ്രസ്തുത വർഷം ഒരു ലക്ഷം സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നു വരുന്നുണ്ട്. ഇതിന് പുറമേ ഉത്പാദന മേഖലയിലെ നവീന ആശയങ്ങളിൽ അധിഷ്ഠിതമായ സ്റ്റാർട്ടപ്പുകൾക്ക് സഹായം നൽകാൻ പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.<br><br>ഇത് കൂടാതെ നവീന ആശയങ്ങൾ പ്രോൽസാഹിപ്പിക്കുന്നതിനും ഈ ആശയങ്ങൾക്ക് ആവശ്യമായ നിക്ഷേപം ലഭ്യമാക്കാൻ സഹായിക്കുന്നതിനുമായി ഡ്രീംവെസ്റ്റർ എന്ന പ്രോഗ്രാം സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനത്തെ യുവാക്കളുടെ സംരംഭക ആശയങ്ങൾ അവതരിപ്പിക്കാനുള്ള അവസരം നൽകുന്ന ഈ പ്രോഗ്രാമിലൂടെ മികച്ച ആശയങ്ങൾ |

പ്രാവർത്തികമാക്കുന്നതിന് സമ്മാനവും നൽകുന്നതാണ്.

ജില്ലാ വ്യവസായ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച വ്യവസായികളുടെ സംശയ

ദൂരീകരണത്തിനായി വിദഗ്ധരുടെ പാനൽ സജ്ജമാക്കി, എംഎസ്എംഇ ക്ലിനിക്ക് പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇത് കൂടാതെ താലൂക്ക് വ്യവസായ ഓഫീസുകൾ ഫെസിലിറ്റേഷൻ സെന്ററുകൾ ആക്കി മാറ്റുന്നതിന്റെ ഭാഗമായി താലൂക്ക് വ്യവസായ ഓഫീസുകളിൽ റിസോഴ്സ് പേഴ്സണെ നിയമിച്ച പ്രവർത്തനം നടന്നു വരുന്നു. 2022-23 സംരംഭക വർഷത്തിന്റെ ഭാഗമായി കേരളത്തിൽ ചുരുങ്ങിയത് ഒരു ലക്ഷം സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിച്ചുകൊണ്ട് 3 മുതൽ 4 ലക്ഷം വരെയുള്ള ആളുകൾക്ക് തൊഴിൽ കൊടുക്കുവാനുള്ള ഒരു ബൃഹത്തായ പദ്ധതിക്ക് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ വ്യവസായ വകുപ്പ് തുടക്കമിടുകയാണ്. കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും സംരംഭം തുടങ്ങാൻ താല്പര്യമുള്ള ആളുകൾക്ക് 2022 മെയ്-ജൂൺ മാസങ്ങളിൽ പൊതു ബോധവൽക്കരണം നടത്താനും തുടർന്ന് താല്പര്യപ്പെട്ടു വരുന്ന ആളുകൾക്ക് ജൂലൈ- ഓഗസ്റ്റ് മാസങ്ങളിൽ ലൈസൻസ്/ലോൺ/സബ്സിഡി മേളകൾ നടത്തിക്കൊണ്ട് സംരംഭങ്ങൾക്ക് ആവശ്യമുള്ള ലൈസൻസും ലോണും സബ്സിഡിയും ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക എന്നതാണ് ക്യാമ്പയിനുകൾ വഴി ലക്ഷ്യമിടുന്നത്. കേരളത്തിലെ എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും, സംരംഭങ്ങൾ തുടങ്ങാൻ ജനങ്ങൾക്ക് പ്രേരണ നൽകുവാനും സംരംഭങ്ങൾക്ക് കൈത്താങ്ങ് നൽകാനും വേണ്ടി ഇന്റേൺസിനെ വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ നിയമിച്ചിട്ടുണ്ട്. ഇന്റേൺസിന്റെ നേതൃത്വത്തിൽ ഈ പ്രക്രിയ തുടർന്ന് കൊണ്ട് ഓരോ പഞ്ചായത്തിലും പരമാവധി സംരംഭങ്ങൾ തുടങ്ങാനും താല്പര്യമുള്ള എല്ലാവരെയും സംരംഭകത്വത്തിലേക്കു നയിക്കാനും വേണ്ട പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാനാണ് ഈ പദ്ധതി വഴി ഉദ്ദേശിക്കുന്നത്. വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കുന്ന ഈ പദ്ധതിയുടെ ഭാഗമായി

കുറഞ്ഞ പലിശക്ക് വായ്പ ലഭ്യമാക്കാനും താല്പര്യമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ, ഒരു തദ്ദേശസ്ഥാപനം ഒരു ഉൽപ്പന്നം (One local body One Product - OLOP) എന്ന ആശയം

| | | | |
|---|---|---|---|
| | | | നടപ്പിലാക്കാനും സംരംഭകർക്ക് വേണ്ട മാർക്കറ്റിങ് സഹായം ലഭ്യമാക്കാനും അടക്കമുള്ള വിവിധ<br><br>പ്രവർത്തനങ്ങൾ വ്യവസായ വകുപ്പ് നടത്തുവാൻ ഉദ്ദേശിക്കുന്നു. |
| (ബി) | പതിനായിരം കോടിയിലധികം രൂപയുടെ നിക്ഷേപം ആകർഷിച്ച് സംസ്ഥാനത്തെ വ്യവസായ മേഖലയ്ക്ക് ഊർജ്ജം പകരാൻ ഉദ്ദേശിച്ചുകൊണ്ടുള്ള വ്യവസായ ക്ലസ്റ്റർ രൂപീകരണത്തിന്റെ പുരോഗതി അറിയിക്കാമോ; | (ബി) | കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സംരംഭമായ കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയിൽ സംയോജിത ഉൽപ്പാദന ക്ലസ്റ്ററുകളാണ് സ്ഥാപിക്കുന്നത്. ഇതുപ്രകാരം പാലക്കാടും, കൊച്ചിയും ഒരോ നോഡുകളായാണ് സ്ഥാപിക്കുന്നത്. പാലക്കാട് നോഡിൽ 1845 ഏക്കർ ഭൂമി കണ്ടെത്തുകയും ഭൂമി ഏറ്റെടുക്കൽ നടപടികൾ അന്തിമഘട്ടത്തിലുമാണ്. ഭൂമി ഏറ്റെടുത്ത് ഇതിനായി രൂപീകരിച്ച കേരളാ ഇൻഡസ്ട്രിയൽ കോറിഡോർ കോർപ്പറേഷനു കൈമാറി, അവർ അടിസ്ഥാന സൗകര്യം വികസിപ്പിച്ച് വിവിധയിനം വ്യവസായങ്ങൾക്ക് പ്രവർത്തിക്കുന്നതിനുള്ള സംവിധാനം സജ്ജമാക്കും. പദ്ധതിയുടെ Market Demand Assesment ഉം Master Plan ഉം തയ്യാറാക്കുന്നതിന് ഒരു ഏജൻസിയെ കേന്ദ്ര സർക്കാർ നിയമിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. 5 വർഷത്തിനുള്ളിൽ പദ്ധതി പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുമെന്ന് പ്രതീക്ഷിക്കുന്നു.<br><br>കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പാക്കിവരുന്ന സൂക്ഷമ ചെറുകിട സംരംഭങ്ങളുടെ ക്ലസ്റ്റർ വികസന പദ്ധതി (MSE-CDP) വഴി കണ്ടെത്തിയ 12 ക്ലസ്റ്ററുകൾ പൊതുസേവന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. 4 ക്ലസ്റ്ററുകളുടെ പൊതുസേവന കേന്ദ്രങ്ങൾ സ്ഥാപിക്കുവാനുള്ള അനുബന്ധ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ഇതിനുപുറമേ വിവിധ ജില്ലകളിലായി കണ്ടെത്തിയ 30 ക്ലസ്റ്ററുകളുടെ വികസനം നടന്നു വരുന്നു. കൂടാതെ ക്ലസ്റ്റർ അധിഷ്ഠിത വികസനത്തിനുള്ള ഒരു പ്രത്യേക പദ്ധതി, ഈ വർഷത്തെ ബഡ്ജറ്റിലെ സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ പദ്ധതി വഴി ക്ലസ്റ്ററുകളുടെ പൊതുസേവന കേന്ദ്രങ്ങൾ |

| | | | |
|---|---|---|---|
| | | | ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| (സി) | പരിസ്ഥിതി അനുകൂലവും സേവനാധിഷ്ഠിത വ്യവസായങ്ങൾക്ക് പ്രാധാന്യം നൽകുന്നതുമായ കൊച്ചി ഗിഫ്റ്റ് സിറ്റി സ്ഥാപിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ? | (സി) | കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ ഭാഗമായി എറണാകുളം ജില്ലയിലെ അയ്യമ്പുഴ വില്ലേജിൽ ഒരു GIFT City സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 358 ഏക്കർ ഭൂമി കണ്ടെത്തിയിട്ടുണ്ട്. പ്രാഥമിക നോട്ടിഫിക്കേഷൻ 04.10.2021 തീയതി പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതാണ്. ബാധിക്കപ്പെടുന്ന ഭൂവുടമകൾക്കുള്ള RR Package അംഗീകരിച്ചിട്ടുണ്ട്. സർവേ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു. ഡ്രാഫ്റ്റ് ഡിക്ലറേഷൻ പ്രസിദ്ധപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ